# കുട്ടികളുടെ പ്രവാചകൻ

• കെ.സി. സലീം കരിങ്ങനാട്

**അറബിമാസമായ റബീഉൽ അവ്വൽ 12–നാണ് മുഹമ്മദ് നബി ജനിച്ചത്. ഈ വർഷം ഇത് ഇംഗ്ലീഷ് കലണ്ടറിൽ നവംബർ 9 നാണ്**

പ്രവാചകന് കുട്ടികളെ നല്ല ഇഷ്ടമായിരുന്നു. കുട്ടികളോടൊത്ത് സഹവസിക്കുമ്പോൾ നബി കുട്ടികളെപ്പോലെയായിരുന്നു. കുട്ടികളുടെ പ്രകൃതത്തിനും ഇഷ്ടത്തിനുമൊത്ത് കളിക്കുന്നതിലായിരുന്നു നബിക്ക് കൂടുതൽ താൽപര്യം. കുട്ടികളോടുള്ള നബിയുടെ സ്നേഹവും വാത്സല്യവും എക്കാലത്തേക്കും മാതൃകയാണ്. അല്ലാഹുവിന്റെ പ്രവാചകനേക്കാൾ കുട്ടികളോട് സ്നേഹമുള്ള ഒരാളെയും ഞാൻ കണ്ടിട്ടില്ലെന്നാണ് പ്രവാചകന്റെ ഭൃത്യനായ അനസുബ്നു മാലിക് പറയുന്നത്.

കുട്ടികളോടുള്ള സ്നേഹത്തിൽ നബി ഒരിക്കലും പിശുക്ക് കാണിച്ചിരുന്നില്ല.



▸▸ കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികൾ– കബനി, ഭവാനി, പാമ്പാർ



കൊച്ചുകുട്ടികളെ തന്റെ ഒട്ട കപ്പുറത്ത് കയറ്റി സവാരി ചെയ്യുമായിരുന്നു അദ്ദേഹം.

മുഹമ്മദ് നബി തന്നെയും അലിയുടെ പുത്രൻ ഹുസ നെയും ഒരേസമയും തിരുമ ടിയിലുരുത്തി കെട്ടിപിടിക്കാ റുണ്ടായിതുന്നുവെന്ന് ഉസാമ ബിൻ സൈദ് പറയുന്നുണ്ട്.

മനുഷ്യസമൂഹത്തിന് മാതൃകയും മാർഗദർശി യുമായ അന്ത്യപ്രവാചക ന്റെ ജീവിതം നമുക്കൊരു പാഠപുസ്തകമാണ്. കുട്ടി കളെ നബി ജീവനുതുല്ല്യം സ്നേഹിച്ചു. കുഞ്ഞുങ്ങളെ ചുംബിച്ചും, മടിയിലിരുത്തി താലോലിച്ചും, കവിളുകളിൽ തലോടിയും, പുറത്തിരുത്തി കളിപ്പിച്ചും, അവരിലൊരാളാ യി മാറി നബി അവർക്കുവേ ണ്ടി സമയം നീക്കിവെച്ചു. കുട്ടികളോടുള്ള കാരുണ്യം സ്വർഗലബ്ധി എളുപ്പമാക്കി ത്തരുമെന്നു പ്രവാചകൻ പ്ര സ്താവിച്ചു.

ശൈശവത്തിലേ അനാ ഥത്വം പേറേണ്ടിവന്ന മു ഹമ്മദ് നബിയുടെ കഥകൾ കൂട്ടുകാർ കേട്ടുകാണുമ ല്ലോ. ചെറുപ്പത്തിൽ തന്നെ ഉപ്പയും ഉമ്മയും മരണപ്പെട്ടു. ഒരുപാട് വിഷമങ്ങൾക്കിട യിലൂടെയാണ് നബി ജീ വിച്ചത്. അതുകൊണ്ടാണ് അനാഥരുടെ വേദനകൾ നബിക്ക് വേഗം മനസ്സിലാ യത്. സ്നേഹിക്കാനായിരു ന്നു പ്രവാചകൻ പഠിപ്പിച്ചത്. അയൽവാസി പട്ടിണി കി ടക്കുമ്പോൾ വയർ നിറച്ചു ണ്ണുന്നവൻ വിശ്വാസിയല്ല എന്ന് പ്രവാചകൻ പഠിപ്പിച്ചു. പരസ്പരം പരിഹസിക്കരു തെന്നും തമാശക്ക് പോലും കള്ളം പറയരുതെന്നും നമ്മെ ഗുണദോഷിച്ചു.

മൃഗങ്ങളോടും മനുഷ്യ രോടും കരുണ കാണി ക്കണമെന്നും ആരെയും വഞ്ചിക്കാൻ പാടില്ലെന്നും പറഞ്ഞു.

അങ്ങനെ ഒരു ജീവിത ത്തിലേക്ക് വേണ്ട കാര്യ ങ്ങളെല്ലാം നമ്മെ പഠിപ്പി ച്ചു പ്രവാചകൻ. മുഹമ്മദ് നബിയെ കുറിച്ച് ഒരുപാട് പുസ്തകങ്ങൾ ഇറങ്ങി യിട്ടുണ്ട്. കൂട്ടുകാർ അവ കണ്ടെത്തി വായിക്കാൻ ശ്രമിക്കുമല്ലോ അല്ലേ.

◆

## പ്രാവുകളുടെ ചങ്ങാത്തം

കൂട്ടത്തോടെയാണ് പ്രാവുകൾ ജീവിക്കു ന്നത്. പെൺ പ്രാവു കൾക്ക് ചങ്ങാതിയെ ആവശ്യമാണ്. അതിന് കാരണവുമുണ്ട്. പെൺ പ്രാവിന് മുട്ടയിടണമെങ്കിൽ അടുത്ത് മറ്റൊരു പ്രാവു വേണം. മറ്റൊരു പ്രാവിനെ കണ്ടുകൊണ്ടി രുന്നി ല്ലെങ്കിൽ അതിന് മുട്ടയിടാനാവില്ല. വേണമെങ്കിൽ പെൺപ്രാവിനെ പ റ്റിക്കാം. തൊട്ടുമു ന്നിൽ ഒരു കണ്ണാടി വെച്ചുകൊടുത്താൽ മതി. കണ്ണാടിയിൽ സ്വന്തം പ്രതിച്ഛായ കണ്ട് തൃപ്തി യടഞ്ഞ് അത് മുട്ടയിട്ടോളും.

▸▸ കേരളത്തിൽ ആകെ 34 കായലുകളുണ്ട്